നം.ഇ.എക്സ്.സി.ജനറൽ1/39200/2019/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 24/01/2020.

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ് - 2020 മാർച്ച് - എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷകളുടെ നടത്തിപ്പിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 12/11/2019-ലെ സർക്കാർ ഉത്തരവ് (സാധാ) നം.4804/2019/പൊ.വി.വ.
2. സ.ഉ. (സാധാ) നം.5772/2019/പൊ.വി.വ. തീയതി, തിരുവനന്തപുരം 30/12/2019.
3. ഈ ഓഫീസിലെ 16/01/2020-ലെ ഇതേ നമ്പർ സർക്കുലർ.

പരാമർശം (3) സർക്കുലർ പ്രകാരവും, സൂചന ഗവൺമെന്റ് ഉത്തരവുകൾ പ്രകാരവും 2020 മാർച്ചിലെ പൊതുപരീക്ഷകളോട് അനുബന്ധിച്ച് നടപ്പിലാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും തങ്ങളുടെ അധികാരപരിധിയിലുള്ള വിദ്യാലയ അധികൃതർക്ക് സൂചന ഗവൺമെന്റ് ഉത്തരവുകളും, സർക്കുലറും തുടർനടപടികൾക്കായി അയച്ചു കൊടുത്തിട്ടുള്ളതാണ്. സമയബന്ധിതമായി ക്രമീകരണങ്ങൾ പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രിൻസിപ്പാൾ/വൈസ്പ്രിൻസിപ്പാൾമാർക്ക് നൽകുവാൻ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു.

1. മൂന്ന് വിഭാഗത്തിലേയും ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്നതിന് പ്രിൻസിപ്പൾ/ വൈസ്പ്രിൻസിപ്പൾ എന്നിവർ ചേർന്ന് നിശ്ചയിക്കുന്ന ഒരു സ്ട്രോങ്റൂം സജ്ജീകരിക്കേണ്ടതും, മൂന്ന് വിഭാഗത്തിനും എല്ലാ ദിവസത്തെയും ചോദ്യപേപ്പറുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പ്രത്യേകം പ്രത്യേകം ഇരട്ട പൂട്ടുള്ള അലമാരകൾ ക്രമീകരിക്കേണ്ടതുമാണ്. ചോദ്യപേപ്പർ സൂക്ഷിക്കുന്ന മുറിയുടെ മുൻഭാഗത്തും ചോദ്യപേപ്പർ സൂക്ഷിക്കുന്ന മുറിക്കുള്ളിൽ ചോദ്യപേപ്പർ സൂക്ഷിക്കുന്ന അലമാര അഭിമുഖീകരിക്കുന്ന രീതിയിൽ സി.സി. ടി.വി ക്യാമറ സ്ഥാപിക്കേണ്ടതാണ്. (നൈറ്റ് വിഷനും, ഒരു മാസത്തെ ശേഖരണശേഷി ലഭ്യമാകത്തക്കവിധത്തിലുള്ളത്).

ഹൈസ്കൂളുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ സി.സി. ടി.വി. ക്യാമറയും, അനുബന്ധ ഫർണിച്ചറുകളും സ്ഥാപിക്കുന്നതിനുള്ള തുക പി.ഡി അക്കൗണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഹൈസ്കൂൾ വിഭാഗവും ഹയർസെക്കണ്ടറി വിഭാഗവും ഒരുമിച്ചുള്ള വിദ്യാലയങ്ങളിൽ സി.സി ടി.വി ക്യാമറ സ്ഥാപിക്കുന്നതിനുള്ള തുക ഹയർസെക്കണ്ടറി വിഭാഗം പി.ഡി അക്കൗണ്ടിൽ നിന്നും കണ്ടെത്തേണ്ടതും, ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള തുക അതാത് വിഭാഗത്തിന്റെ പി.ഡി അക്കൗണ്ടിൽ നിന്നും

കണ്ടെത്തേണ്ടതുമാണ്. അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ ഈ ക്രമീകരണങ്ങൾ വിദ്യാലയാധികൃതർ സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതാണ്.

2. പരീക്ഷാ നടത്തിപ്പിന് ആവശ്യമായ ക്ലാസ്റൂമുകൾ, ഫർണിച്ചറുകൾ എന്നിവയുടെ ലഭ്യതയും വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ജില്ലാവിദ്യാഭ്യാസ ആഫീസർമാർ നേരിട്ട് സന്ദർശനം നടത്തി ഫർണിച്ചറുകളുടെ അപര്യാപ്തത ബോധ്യപ്പെടുന്ന പക്ഷം അവശ്യം വേണ്ട ഫർണിച്ചറുകൾ വാങ്ങുവാൻ പി.ഡി അക്കൗണ്ടിൽ നിന്ന് തുക വിനിയോഗിക്കാവുന്നതാണ്.

(<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> 15,000/- രൂപയ്ക്ക് താഴെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ആവശ്യമില്ല. എന്നാൽ 15,000/- രൂപയ്ക്ക് മുകളിലുള്ളതും, 1 ലക്ഷം രൂപക്ക് താഴെയുള്ളതുമായ വാങ്ങലുകൾക്ക് ക്വട്ടേഷനും, 1 ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെൻഡറും അനിവാര്യമാണ്.)

പരീക്ഷയ്ക്കാവശ്യമായി മുകളിൽ സൂചിപ്പിച്ച ക്രമീകരണങ്ങൾ 2020 ഫെബ്രുവരി 20-നകം എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഡി.ഇ.ഒ./ ആർ.ഡി.ഡി./എ.ഡി.മാർ ഉറപ്പാക്കേണ്ടതാണ്. 2020 ഫെബ്രുവരി 25 മുതൽ ജില്ലാതലത്തിൽ പരീക്ഷാ ക്രമീകരണങ്ങൾ മോണിറ്റർ ചെയ്യുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർതലത്തിൽ മോണിറ്ററിംഗ് ടീം രൂപീകരിക്കുന്നതും, ഈ ടീം എല്ലാ വിദ്യാലയങ്ങളിലും ക്രമീകരണങ്ങൾ സംബന്ധിച്ച് നേരിട്ട് പരിശോധന നടത്തുന്നതുമായിരിക്കും. മോണിറ്ററിംഗ് ടീം രൂപീകരണം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം വിദ്യാഭ്യാസ ഓഫിസർമാർക്ക് പിന്നീട് നൽകുന്നതായിരിക്കും.

പരീക്ഷാ സംബന്ധമായി പരീക്ഷാകമ്മീഷണർ പുറപ്പെടുവിക്കുന്ന സർക്കുലറുകളും ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകളും എല്ലാ പ്രഥമാധ്യാപകർക്കും ലഭ്യമായിട്ടുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**പരീക്ഷാ കമ്മീഷണർ**

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ആർ.ഡി.ഡി (ഹയർസെക്കണ്ടറി വിഭാഗം/എ.ഡി (വി.എച്ച്.എസ്.ഇ വിഭാഗം)
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും
3. എല്ലാ പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പൽ (ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ ആർ.ഡി.ഡി/എ.ഡി മുഖാന്തിരം)
4. സെക്രട്ടറിയുടെ പി.എ
5. കരുതൽ ഫയൽ